**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4107** **03-03-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി കുടികളിലേക്കുള്ള പാലങ്ങൾ പുനർനിർമ്മിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | 2018ൽ ഉണ്ടായ പ്രളയത്തിൽ തകർന്ന എത്ര പാലങ്ങളാണ് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിച്ചിട്ടുള്ളത്; എത്ര രൂപയാണ് ആയതിന് ചെലവായത്; വിശദമാക്കാമോ; | (എ) | **റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ചീഫ് എഞ്ചിനീയറുടെ കീഴിൽ നിർവ്വഹിക്കുവാൻ അനുവദിച്ച ആറ് പ്രവർത്തികളിൽ 3 പാലങ്ങളുടെ നിർമ്മാണം നടന്നു വരുന്നു. ആയതിന് 2.678 കോടി രൂപ ചെലവായിട്ടുണ്ട്.**<br><br>**വിവിധ ജില്ലകളിൽ പ്രളയത്തിൽ തകർന്നതും പുനർ നിർമ്മാണം നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ നിർവ്വഹണ ഏജൻസിയായി നിയോഗിച്ച 53 പാലങ്ങളിൽ സാധ്യതാ പഠനത്തിനുശേഷം 37 പാലങ്ങൾ പുനർനിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. ഇവയിൽ 12 പാലങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. 25 പാലങ്ങളുടെ രൂപകല്പനയും വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതും പുരോഗമിക്കുകയാണ്. നിർമ്മാണ പ്രവർത്തനം പൂർത്തിയാകാത്തതിനാൽ ചെലവ് ഉണ്ടായിട്ടില്ല.** |
| (ബി) | ആദിവാസി കുടികളിലേക്കുള്ള പാലങ്ങൾ പുനർനിർമ്മിക്കുവാൻ മുൻഗണന നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല |
| (സി) | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പീരുമേട് താലൂക്കിലെ പെരുവന്താനം പഞ്ചായത്തിലെ ആദിവാസി കുടികളിലേക്കുള്ള മൂഴിക്കൽ - തോപ്പിൽകടവ് പാലത്തിന്റെ പുനർനിർമ്മാണ നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ? | (സി) | **പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തിയ** മൂഴിക്കൽ-തോപ്പിൻകടവ് പാലം പുനർനിർമ്മാണത്തിന്റെ മണ്ണ് പരിശോധനയും പ്രാഥമിക ഡാറ്റാ കളക്ഷനും സർവ്വേയും പൂർത്തിയാക്കിയിട്ടുള്ളതാണ്. പാലത്തിന്റെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട രൂപകല്പന തയ്യാറാക്കുന്നതിന് കൺസൽട്ടൻസി കരാർ നൽകിയിട്ടുള്ളതാണ്. രൂപകല്പ്പയും വിശദ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കലും പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ